15 (181) ശ്രീനിവാസപുരം പട്ടികജാതി സങ്കേതത്തിൽ ഐ.ടി.ഐ. ആരംഭിക്കാൻ നടപടി

ശ്രീ. എ. അലി ഹസ്സൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല ശ്രീനിവാസപുരം പട്ടികജാതി സങ്കേതത്തിൽ ഒരു ഐ.ടി.ഐ. ആരംഭിക്കുന്നതിന് നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ അതിന്മേൽ എന്തു നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) വളരെയധികം പട്ടികജാതിക്കാർ തിങ്ങിപ്പാർക്കുന്ന ഈ കോളനി കേന്ദ്രീകരിച്ച് ഒരു ഐ.ടി.ഐ. ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പട്ടികജാതി വികസന വകുപ്പിൽ ലഭിച്ചിട്ടില്ല.

(ബി) ബാധകമല്ല.

(സി) പട്ടികജാതി വികസന വകുപ്പിന്റെ അധീനതയിൽ ഒരു ഐ.ടി.സി. വർക്കല ശ്രീനിവാസപുരം പട്ടികജാതി സങ്കേതത്തിൽ പ്രവർത്തിക്കുന്നുണ്ട്. ഐ.ടി.ഐ. ആരംഭിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

16 (182) തിരുവനന്തപുരം സെൻട്രൽ സ്റ്റേഡിയം

ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായികേതര ആവശ്യങ്ങൾക്ക് തിരുവനന്തപുരത്തുള്ള സെൻട്രൽ സ്റ്റേഡിയം നൽകരുതെന്ന് ഗവണ്മെന്റ് ഉത്തരവ് നിലവിലുണ്ടോ;

(ബി) എങ്കിൽ ഈ ഉത്തരവിനെ മറികടന്ന് കായികേതര ആവശ്യങ്ങൾക്ക് സ്റ്റേഡിയം അനുവദിച്ചിട്ടുണ്ടോ;

(സി) എങ്കിൽ എന്തെല്ലാം കാര്യങ്ങൾക്കുവേണ്ടി എന്ന് വ്യക്തമാക്കുമോ;

(ഡി) കായിക കാര്യങ്ങൾക്കുവേണ്ടി മാത്രം സെൻട്രൽ സ്റ്റേഡിയം റിസർവ് ചെയ്യുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്. (സർക്കാർ ഉത്തരവ്(സാധാരണ) നമ്പർ 2023/93/പൊ.വി. തീയതി 4.6.93)

(ബി)&(സി) പ്രത്യേക കേസായി പരിഗണിച്ച് ഉത്തരവിൽ ഇളവ് വരുത്തി, തിരുവനന്തപുരം സെൻട്രൽ സ്റ്റേഡിയം താഴെപ്പറയുന്ന കായികേതര ആവശ്യങ്ങൾക്കായി അനുവദിച്ചു നൽകിയിട്ടുണ്ട്.

8.3.1997-ൽ ഭാരതീയ ജനതാ പാർട്ടി പ്രതിനിധി സമ്മേളനത്തോടനുബന്ധിച്ചുള്ള പൊതുയോഗത്തിനുവേണ്ടിയും 23.2.1995 ൽ ശ്രീമതി സോണിയാ ഗാന്ധി സംബന്ധിച്ച യോഗത്തിനുവേണ്ടിയും 24.2.1998-ൽ ഐക്യ ജനാധിപത്യ മുന്നണിയുടെ പൊതുയോഗത്തിനുവേണ്ടിയും 6.9.99-ൽ കേന്ദ്ര ആഭ്യന്തരമന്ത്രി ശ്രീ. എൽ.കെ. അദ്വാനി സംബന്ധിച്ച തെരഞ്ഞെടുപ്പ് യോഗത്തിനുവേണ്ടിയും 7.9.99-ൽ ശ്രീമതി സോണിയാഗാന്ധി സംബന്ധിച്ച പൊതു

LIBRARY ARCHIVES Kerala Legislative Assembly

യോഗത്തിന് വേണ്ടിയും നിയുക്ത പോലീസ് കോൺസ്റ്റബിൾമാരുടെ പാസ്സിംഗ് ഔട്ട് പരേഡിനായി 21.10.99 മുതൽ 2.11.99 വരെയും സ്റ്റേഡിയം അനുവദിച്ചു നൽകിയിട്ടുണ്ട്.

(ഡി) 4.6.1993-ലെ ജി.ഒ.(ആർ.ടി) നമ്പർ 2023/93/പൊ.വി. പ്രകാരം റിപ്പബ്ലിക്ദിന സ്വാതന്ത്ര്യ ദിനാഘോഷങ്ങൾക്ക് ഒഴികെ തിരുവനന്തപുരം സെൻട്രൽ സ്റ്റേഡിയം സ്പോർട്സ് ആവശ്യത്തിനു മാത്രമേ അനുവദിക്കുകയുള്ളു എന്ന ഉത്തരവ് നിലവിലുണ്ട്.

17 (183) പണി നടന്നുകൊണ്ടിരിക്കുന്ന വൻകിട ജലസേചന പദ്ധതികൾ

ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതൊക്കെ വൻകിട ജലസേചനപദ്ധതികളുടെ പണിയാണ് നടന്നുവരുന്നതെന്ന് വെളിപ്പെടുത്തുമോ;

(ബി) ഇതിൽ ഏതൊക്കെ പദ്ധതികൾക്ക് പണി ആരംഭിക്കുന്നതിന് മുമ്പ് കേന്ദ്രാനുമതി ലഭിച്ചിട്ടുണ്ട്; ഇങ്ങനെ കേന്ദ്രാനുമതി ലഭിക്കാതെ ആരംഭിച്ച പണികൾ ഏതെല്ലാം;

(സി) കേന്ദ്രാനുമതി ലഭിക്കാതെ പണി ആരംഭിച്ചു എന്ന കാരണത്താൽ ആർക്കെങ്കിലും എതിരെ കേസ് നിലവിലുണ്ടോ;

(ഡി) എങ്കിൽ ഏതൊക്കെ പദ്ധതികളിൽ ആർക്കെല്ലാമെതിരെ കേസ് നിലവിലുണ്ടെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് പഴഞ്ഞി, കുതിരാകുടി, കാരപ്പാറ, ഇടമലയാർ, കല്ലട, മൂവാറ്റുപുഴ എന്നീ വൻകിട ജലസേചന പദ്ധതികളുടെ പണികളാണ് ഇപ്പോൾ നടന്നു വരുന്നത്.

(ബി) ഇതിൽ ഒരു പദ്ധതിയിലും പണി ആരംഭിക്കുന്നതിനുമുമ്പ് കേന്ദ്ര ജല കമ്മീഷന്റെ അംഗീകാരം ലഭിച്ചിരുന്നില്ല.

(സി) നിലവിലില്ല.

(ഡി) ഉദിക്കുന്നില്ല.

18 (184) നിർമ്മാണത്തിലിരിക്കുന്ന വൻകിട ജലസേചന പദ്ധതികൾ

ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിർമ്മാണത്തിലിരിക്കുന്ന വൻകിട ജലസേചന പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഇപ്പോൾ നിർമ്മാണത്തിലിരിക്കുന്ന പദ്ധതികളുടെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് അറിയിക്കുമോ;

(സി) നിർമ്മാണം പൂർത്തിയാക്കിയ പദ്ധതികൾക്ക് ഓരോന്നിനും എന്ത് തുക വീതമായിട്ടുണ്ടെന്ന് അറിയിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly